കർഷകർക്ക് പെൻഷൻ

11 (*217) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രഖ്യാപനം നടത്തിയതെന്നാണ് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) കർഷകർക്ക് എന്നത്തേക്ക് പെൻഷൻ നൽകുമെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ,ബി,സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക സ്ഥിതി

12(*218) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. കഴിഞ്ഞ സാമ്പത്തികവർഷം ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) നഷ്ടമാണെങ്കിൽ എന്തുമാത്രം നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടകാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ഡി) ടിക്കറ്റു ചാർജ്ജ് വർദ്ധിപ്പിച്ചതുമൂലം പ്രതിദിനം എത്ര രൂപയുടെ കളക്ഷൻ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഡീസൽ വില വർദ്ധനവ് ഉൾപ്പെടെ പ്രതിദിനം എത്ര രൂപയുടെ അധികചെലവ് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) നഷ്ടത്തിലാണ് പ്രവർത്തിച്ചത്.

(ബി) 1998-1999 വർഷത്തെ കണക്കു പൂർത്തിയായിട്ടില്ല. 1997-1998 വർഷത്തെ നഷ്ടം 51 കോടി രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഡീസലിന്റേയും, സ്പെയർ പാർട്ടുകളുടേയും വില അനുദിനം വർദ്ധിക്കുകയാണ്. ഇതിനനുസരിച്ച് ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുവാൻ കഴിയുകയില്ല. 8/96-ൽ ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചതിനുശേഷം കോർപ്പറേഷന് ആവശ്യം വേണ്ട ഡീസലിന്റേയും, ടയറിന്റേയും, സ്പെയർ പാർട്ടുകളുടേയും വില ഗണ്യമായി വർദ്ധിച്ചു. ഇത് കോർപ്പറേഷന്റെ ചെലവ് കൂടാൻ കാരണമായി. കെ.എസ്.ആർ.ടി.സി. വരുമാനാധിഷ്ഠിതമായിട്ടല്ല സർവ്വീസ് നടത്തുന്നത്. സർക്കാരിന്റേയും ബഹുജന സംഘടനകളുടേയും ജനപ്രതിനിധികളുടേയും മറ്റും ആവശ്യപ്രകാരം നിശ്ചിതവരുമാനം ലഭിക്കാത്ത വളരെയധികം സർവ്വീസുകൾ നടത്തുവാൻ കെ. എസ്. ആർ. ടി.സി. നിർബന്ധിതമാകുന്നുണ്ട്. സമൂഹത്തിലെ അവശതയനുഭവിക്കുന്നവരായ അന്ധർ, വികലാംഗർ, ബധിരർ തുടങ്ങിയവർക്ക് സൗജന്യ യാത്രയും, യാത്രാസൗജന്യവും അനുവദിക്കേണ്ടി വരുന്നു. കൂടാതെ ജനപ്രതിനിധികൾ, സ്വതന്ത്രസമരസേനാനികൾ, പത്ര പ്രവർത്തകർ തുടങ്ങി സർക്കാർ നിർദ്ദേശിക്കുന്ന വിവിധ മേഖലകളിലുള്ള വർക്കും സൗജന്യയാത്ര അനുവദിക്കുന്നുണ്ട്. ഇതിനെല്ലാം പുറമേ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം കെ.എസ്.ആർ.ടി.സി.ക്ക് ഭീമമായ നഷ്ടം വരുത്തി വയ്ക്കുന്നു. ഇത്തരത്തിലുള്ള സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുന്നതുമൂലം പ്രതിവർഷം 93 കോടി രൂപയുടെ വരുമാനകുറവ് ഉണ്ടാകുന്നുണ്ട്.

(ഡി) പ്രതിദിനം ശരാശരി 25 ലക്ഷം രൂപയുടെ വർദ്ധനവുണ്ടാക്കിട്ടുണ്ട്.

(ഇ) ഡീസലിന്റേയും സ്പെയർ പാർട്ടുകളുടേയും വില വർദ്ധനമൂലം പ്രതിദിനം പത്തര ലക്ഷം രൂപയുടെ അധിക ചെലവുണ്ടാകുന്നുണ്ട്.

കാർഷിക നയം

13(*219) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഒരു കാർഷികനയം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കാർഷികനയം പ്രഖ്യാപിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ കാർഷികനയം എന്നേക്ക് പ്രഖ്യാപിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) കാർഷികനയം പ്രഖ്യാപിക്കുന്നതുവരെ ഈ രംഗത്ത് എന്തെല്ലാം പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നുവെന്നും എന്തെല്ലാം പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുമെന്നും വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly